മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ. അവതാരകരും മറുപടി പറയുന്ന മന്ത്രിമാരും തമ്മിൽ എഗ്രി ചെയ്തതിനാൽ ആദ്യത്തെ ശ്രദ്ധ ക്ഷണിക്കൽ ശ്രീ.എ. എ. അസീസിന് അവതരിപ്പിക്കാം.

**കാഷ്യൂ ബോർഡ് രൂപീകരണം**

ശ്രീ. എ. എ. അസീസ്: സർ, ഈ വിഷയം സഭയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. കേരളത്തിൽ കൊല്ലം കേന്ദ്രീകരിച്ച് കാഷ്യൂ ബോർഡ് രൂപീകരിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തുകഴിഞ്ഞുവെന്ന് മുഖ്യമന്ത്രി ഈ സഭയിലും കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാന മന്ദിരം കൊല്ലത്ത് ഉദ്ഘാടനം ചെയ്ത വേളയിലും പരസ്യമായി പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം ഇതുവരെ നടപ്പാക്കിയിട്ടില്ലെന്ന കാര്യമാണ് ഞാൻ വീണ്ടും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ 860 കശുവണ്ടി സ്ഥാപനങ്ങളിലായി മൂന്ന് ലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ വളരെ പ്രമുഖമായിട്ടുള്ള ഒരു വ്യവസായമാണിത്. ഈ വ്യവസായ രംഗത്ത് പൊതുമേഖലയും സഹകരണ മേഖലയുമുണ്ട്. പൊതുമേഖലയിൽ 30 ഫാക്ടറികളും സഹകരണ മേഖലയിൽ 10 ഫാക്ടറികളുമാണ് പ്രവർത്തിക്കുന്നത്. ബാക്കി ഫാക്ടറികളെല്ലാംതന്നെ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിലും പൊതുമേഖലയിലും സഹകരണ മേഖലയിലുമായി പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ഏതാനും ഫാക്ടറികളിൽ മാത്രമേ നവീകരണ പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുള്ളൂ. വളരെ പ്രാകൃതമായ ജോലി

സാഹചര്യമാണ് ഈ സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നത്. ഈ വ്യവസായത്തിൽ പണിയെടുക്കുന്നതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. നിലത്തിരുന്ന് പണിയെടുക്കുന്ന ഈ വ്യവസായത്തിൽ കന്നുകാലിത്തൊഴുത്ത് പോലെയുള്ള സ്ഥലങ്ങളിലാണ് സ്വകാര്യ കമ്പനികളിൽ ഏറിയ പങ്കും വ്യവസായം നടത്തുന്നത്. എന്നുമാത്രമല്ല, കൂടുതൽ ലാഭമുണ്ടാക്കുന്നതിനുവേണ്ടി സംഘടിത വ്യവസായരംഗംതന്നെ തകർത്തുകൊണ്ട് കോളനികളിലും വീടുകളിലുമായി പ്രാദേശിക തലത്തിൽ സംസ്കരണം നടത്തുന്നുമുണ്ട്. അത് നിയന്ത്രിക്കേണ്ട തൊഴിൽ വകുപ്പ് അനങ്ങാപ്പാറ നയമാണ് സ്വീകരിക്കുന്നത്. അനധികൃതമായി കശുവണ്ടി സംസ്കരിക്കുന്ന ഇത്തരം കേന്ദ്രങ്ങളെയും കോളനികളെയുംപ്പറ്റി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽത്തന്നെ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ലേബർ ഡിപ്പാർട്ടുമെന്റ് അത്തരം സ്ഥാപനങ്ങൾ അവസാനിപ്പിക്കുന്നതിനോ, കണ്ടുകെട്ടുന്നതിനോ, നിയന്ത്രിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനധികൃതമായി കശുവണ്ടി ഫാക്ടറികൾ നടത്തുന്നത് നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനുമായി ഒരു നിയമം പാസ്സാക്കിയിരുന്നു. പണ്ട് കാഷ്യൂ അക്വിസിഷൻ ആക്ട് ഈ നിയമസഭ പാസ്സാക്കിയിരുന്നു. അത് മോഡിഫൈ ചെയ്തുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു നിയമമുണ്ടാക്കിയത്. അനധികൃതമായി ഫാക്ടറികൾ നടത്തുന്ന സ്ഥാപനങ്ങളിലെ തോട്ടണ്ടിയും അസംസ്കൃത സാധനങ്ങളും കണ്ടുകെട്ടുന്നതിനും എവിടെ സൂക്ഷിക്കുമെന്നതിലും അപ്പോൾ നിലവിലുണ്ടായിരുന്ന നിയമത്തിൽ വ്യവസ്ഥയില്ലായിരുന്നതുകൊണ്ടാണ് പുതുതായി നിയമം നിർമ്മിച്ചത്. പക്ഷെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ നിയമമനുസരിച്ച്

യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്ന് വ്യാപകമായി അനധികൃത കുടിവറുപ്പുകേന്ദ്രങ്ങൾ നടത്തുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള 860 ഫാക്ടറികൾ ആറുമാസം പ്രവർത്തിക്കണമെങ്കിൽ ഏഴ് ലക്ഷത്തിൽപ്പരം തോട്ടണ്ടി ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് ആഭ്യന്തരമായി ഉത്പാദിപ്പി ക്കപ്പെടുന്ന തോട്ടണ്ടിയുടെ അളവ് ഒന്നര ലക്ഷം ടണ്ണിൽ നിന്നും 50000–56000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. കശുമാവ് തോട്ടങ്ങളെല്ലാം തന്നെ വെട്ടിനശിപ്പിച്ചതിന്റെ ഫലമായാണ് തോട്ടണ്ടിയുടെ ഉൽപ്പാദനം കുറഞ്ഞുപോയത്. തോട്ടണ്ടി കൂടുതൽ ഉൽപ്പാദിപ്പിക്കുകയും നമ്മുടെ സംസ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുകയും ചെയ്യുന്ന ഈ വ്യവസായം സംരക്ഷിക്കുന്നതിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു കാഷ്യൂ കൾട്ടിവേഷൻ ഏജൻസി ആരംഭിച്ചിരുന്നു. ആ ഏജൻസിയുടെ പ്രവർത്തനവും മരവിപ്പിച്ചു. ആ ഏജൻസിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ആ ഏജൻസി യുടെ പ്രവർത്തന കാലഘട്ടത്തിൽ പല ഭാഗങ്ങളിലും പുതുതായി പ്ലാന്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സ്വകാര്യ വ്യവസായികളുടെ ഫാക്ടറികളിലും സ്വകാര്യ സ്ഥാപനങ്ങളിലും വീടുകളിലും കശുമാവ് കൃഷി ചെയ്യുന്നതിന് ധാരാളം പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തിരുന്നതാണ്. പക്ഷെ അതൊന്നും ഇന്ന് വ്യാപകമായി നടക്കുന്നില്ല. കാഷ്യൂ ബോർഡിന്റെ കാര്യത്തിൽ ശ്രീമാൻ എ. കെ. ആന്റണി ഉൾപ്പടെയുള്ള കേന്ദ്ര മന്ത്രിമാർ പല പ്രാവശ്യം പ്രഖ്യാപനം നടത്തിയതും ഉറപ്പുനൽകിയതുമാണ്. കൂടാതെ, കാഷ്യൂ ബോർഡിന്റെ ആസ്ഥാനം കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രമായ കൊല്ലത്തുതന്നെ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരു

മെല്ലാം പറഞ്ഞതാണ്. അടുത്ത കാലത്ത്, കാഷ്യൂ ബോർഡിന്റെ ആസ്ഥാനം മഹാരാഷ്ട്രയിൽ ബോംബെ കേന്ദ്രമാക്കി ആരംഭിക്കാൻ പോകുന്നു വെന്നാണ് കേൾക്കാൻ കഴിഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. എ. അസീസ്: സർ, ഞാനൊന്ന് പറഞ്ഞവസാനിപ്പിക്കട്ടെ. ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നതിന് സമയം നിശ്ചയിച്ചിട്ടുണ്ടോ? സമയം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് നേരത്തേ പറയണമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ ആറുമിനിട്ട് കഴിഞ്ഞു.

ശ്രീ. എ. എ. അസീസ്: സർ, വിഷയം അവതരിപ്പിക്കണമല്ലോ. ഇത് ശ്രദ്ധക്ഷണിക്കലാണ്, സബ്മിഷനല്ല. അതുകൂടി മനസ്സിലാക്കണം. ശ്രദ്ധക്ഷ ണിക്കലെന്ന നിലയിൽ ആ വിഷയം അവതരിപ്പിക്കുന്നതിനുള്ള സമയം അനു വദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയത്തിനൊരു നിയന്ത്രണമില്ലേ. ബഹുമാന പ്പെട്ട എ. എ. അസീസ്, ആറുമിനിട്ടായി.

ശ്രീ. എ. എ. അസീസ്: സർ, ഇത് കേന്ദ്ര ഗവൺമെന്റ് തന്നെ പല പ്രാവശ്യം പ്രഖ്യാപിച്ചതാണ്. മഹാരാഷ്ട്രയിൽ ബോംബെ കേന്ദ്രീകരിച്ച് കാഷ്യൂ ബോർഡ് സ്ഥാപിക്കാനുദ്ദേശിക്കുന്നുവെന്നാണ് ഇപ്പോൾ കേൾക്കു ന്നത്. അക്കാര്യം യാഥാർത്ഥ്യമാണെങ്കിൽ വ്യവസായ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ അത് വെളിപ്പെടുത്തണം. കാഷ്യൂ ബോർഡ് കേരളത്തിൽ കൊല്ലം കേന്ദ്രമാക്കി സ്ഥാപിക്കണമെന്നതുൾപ്പടെയുള്ള വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് മൂന്നുലക്ഷത്തോളം വരുന്ന കശുവണ്ടി വ്യവസായ രംഗത്തെ തൊഴിലാളികൾ ഇന്നിപ്പോൾ ഒരു സമരത്തിന്റെ വക്കിലാണ്. ഇക്കാര്യത്തിൽ വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് തീരുമാനമുണ്ടാ

ക്കണം. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുക സാധ്യമല്ല. അതുകൊണ്ട് ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് കാഷ്യൂ ബോർഡ് കേരളത്തിൽ കൊല്ലം കേന്ദ്രമാക്കി സ്ഥാപിക്കുന്ന കാര്യത്തിൽ ഉറപ്പുനൽകണമെന്ന് കേന്ദ്ര ഭരണാധികാരികളെ അറിയിക്കണമെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാളിംഗ് അറ്റൻഷനിൽ വിഷയം കാഷ്യൂ ബോർഡാണ്. എന്നാൽ സമരത്തിന്റെ പശ്ചാത്തലത്തിലായിരിക്കും അദ്ദേഹം കാഷ്യൂ രംഗത്തുള്ള മുഴുവൻ കാര്യങ്ങളും അവതരിപ്പിച്ചത്. കാഷ്യൂ മേഖലയിൽ ഇപ്പോൾ പ്രക്ഷോഭം നടത്തത്തക്ക വിഷയങ്ങൾ യാതൊന്നുമില്ല. കാഷ്യൂ ഫാക്ടറീസ് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ തൊഴിൽ ദിനം കൊടുക്കുന്ന വർഷമായിരിക്കും ഇത് എന്ന് ഞാൻ ചോദ്യോത്തരവേളയിൽ തന്നെ വളരെ വിശദമായി പറഞ്ഞതാണ്. രാജ്യത്ത് തന്നെ 75 ശതമാനം കശുവണ്ടി സംസ്കരണവും മറ്റും നടക്കുന്നത് കൊല്ലത്താണ്. കൊല്ലമാണ് കാഷ്യൂവിന്റെ ഹെഡ്ക്വാർട്ടേഴ്സ്. അതുകൊണ്ട് കാഷ്യൂ ബോർഡിന്റെ നിർദ്ദേശമുണ്ടായ കാലം മുതൽ സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ് മാതൃകയിൽ ഒരു ബോർഡുണ്ടാക്കണമെന്നതാണ് ആവശ്യം. അതിന്റെ ആസ്ഥാനം കൊല്ലത്തു തന്നെയായിരിക്കും. മഹാരാഷ്ട്രയിലേക്ക് മാറ്റുമെന്നതരത്തിലുള്ള ചർച്ച ഞാൻ ഇതുവരെ എവിടെയും കേട്ടിട്ടില്ല. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിലും മറ്റും ഇതിനെ സംബന്ധിച്ച ചർച്ച നടത്തിയിരുന്നു. അപ്പോഴൊന്നും ഇങ്ങനെയൊരു പ്രശ്നം കേട്ടിട്ടേ

യില്ല. ആസ്ഥാനം കൊല്ലത്തു തന്നെയായിരിക്കും. ഗവൺമെന്റ് ഓഫ് ഇന്ത്യ അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നതൊഴിച്ചാൽ അതിന്റെ ആസ്ഥാനത്തെക്കുറിച്ചോ അത് വേറെ സ്റ്റേറ്റിലേക്ക് മാറ്റുമെന്നതിനെക്കുറിച്ചോ ഒരു ചർച്ചയും എവിടെയും ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടാകുമെന്ന് ഗവൺമെന്റ് കരുതുന്നില്ല. പ്ലാനിംഗ് ബോർഡ് ഇത് അംഗീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിന് ശേഷം ഡൽഹിയിൽ മുഖ്യമന്ത്രി തലത്തിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനുമായി പല പ്രവശ്യം ഇതുസംബന്ധിച്ച ചർച്ച നടത്തിയിട്ടുണ്ട്. കാഷ്യൂ ബോർഡ് വളരെ വേഗം അനുവദിച്ചുകിട്ടുമെന്നു തന്നെയാണ് നമ്മുടെ പ്രതീക്ഷ.. അന്തിമ തീരുമാനമെടുത്തിട്ടില്ല എന്നേയുള്ളൂ. ഇതുവരെ വന്ന സൂചനകൾ മുഴുവൻ അനുകൂലമാണ്. അതുണ്ടാകുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. എ. അസീസ്: സർ, കേന്ദ്ര പ്ലാനിംഗ് ബോർഡ് തന്നെ അംഗീകരിച്ചു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്ത് കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്തപ്പോൾ പറഞ്ഞത്. അന്ന് വ്യവസായ വകുപ്പുമന്ത്രിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്തെ ആളുകൾക്ക് നൽകിയ ഉറപ്പാണ്. വ്യവസായികളും തൊഴിലാളി സംഘടനാ പ്രതിനിധികളും പങ്കെടുത്ത സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഉറപ്പ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് യഥാർത്ഥത്തിൽ ഇതിന് മറുപടി പറയേണ്ടതും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്ലാനിംഗ് കമ്മീഷനും കാഷ്യൂ ബോർഡിന് അംഗീകാരം നൽകിക്കഴിഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിനാണോ കൊമേഴ്സ് ഡിപ്പാർട്ടുമെന്റിനാണോ

എന്നത് തീരുമാനിക്കാത്ത സാഹചര്യത്തിലാണ് ഇത് തുടങ്ങാൻ താമസിക്കുന്നത്. റബ്ബർ ബോർഡ് പോലെ കൊമേഴ്സ് മിനിസ്റ്ററുടെ കീഴിൽ വേണം എന്നുള്ള നിർദ്ദേശത്തിനാണ് മുൻതൂക്കമുള്ളത്. നമുക്കും അതിനോടാണ് യോജിപ്പ്. റബ്ബർ ബോർഡിന്റെ രീതിയിലുള്ള ഫങ്ഷനിംഗിലായിരിക്കും കാഷ്യൂ ബോർഡിന് കൂടുതൽ എഫക്ടീവാകാൻ സാധിക്കുന്നത്. അതേസമയം നാളികേര വികസന കോർപ്പറേഷൻ പോലെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വേണമെന്ന് വേറൊരു ആശയഗതിയുമുണ്ട്. അതിൻമേലുള്ള തീരുമാനം എത്രയും വേഗം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

:

## ഗെയിൽ ഗ്യാസ് പൈപ്പ്ലൈൻ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കൊച്ചി പെട്രോനെറ്റ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ഭാവിയുടെ ഇന്ധനമെന്ന് വിശേഷിപ്പിക്കുന്ന എൽ.എൻ.ജി.യുടെ വിതരണത്തിനാവശ്യമായ ഗെയിലിന്റെ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തിയോട് കേരളം മുഖം തിരിച്ചു നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ സഭ ഈ വിഷയത്തിൽ ചർച്ച ചെയ്ത് അടിയന്തരമായി ഇടപെടണം. കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്കും ബാംഗ്ലൂരേക്കും ഭൂഗർഭ പൈപ്പ് ലൈനിന്റെ പ്രവൃത്തി ആകെ 503 കിലോമീറ്ററാണ്. അതിൽ 53 കിലോമീറ്റർ മാത്രമാണ് കേരളത്തിൽ നടന്നിട്ടുള്ളത്. അത് ഭാഗികമായി കൊച്ചിയിലും തൃശ്ശൂരും, കാസർഗോഡും മാത്രമാണ്. കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ ഒരിഞ്ചുപോലും പ്രവൃത്തി മുന്നോട്ട് പോയിട്ടില്ല. 3800 കോടി രൂപ

യുടെ പദ്ധതിക്ക് 78 ശതമാനം ചെലവാക്കി പൈപ്പ്ലൈനും മെഷിനറികളും ഗെയിൽ കൊണ്ടുവന്നിട്ട് മാസങ്ങൾ കഴിഞ്ഞു. വ്യവസായങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതിയുണ്ടാക്കുന്നതിനും ഭാവിയിൽ വീടുകൾക്ക് കുക്കിംഗ് ഗ്യാസ് ഉപയോഗിക്കുന്നതിനും സാധിക്കുന്ന വിധത്തിലാണ് എൽ. എൻ.ജി. പ്ലാൻ ചെയ്യുന്നത്. ചില കേന്ദ്രങ്ങൾ അനാവശ്യമായി ഇതിനെ എതിർക്കുകയാണ്. ഇത് ഭൂമിക്കടിയിൽ കുഴിച്ചിടുന്ന ബോംബാണ് എന്നു പോലും ചില വികസന വിരുദ്ധർ പ്രചരിപ്പിക്കുന്നു. വികസിത രാജ്യങ്ങളിൽ 70 വർഷമായി ലക്ഷക്കണക്കിന് കിലോമീറ്റർ ജനവാസ കേന്ദ്രങ്ങളിൽ പൈപ്പ്ലൈൻ ഇട്ടിട്ടുണ്ട്. യു.എസ്.എ യിൽ 5 ലക്ഷം കിലോമീറ്റർ പൈപ്പ് ലൈൻ ഉണ്ട്. ഇന്ത്യയിൽ തന്നെ 20,000 കിലോമീറ്റർ ഗ്യാസ് പൈപ്പ് ലൈൻ ഇട്ടു കഴിഞ്ഞു. ഇതുവരെ പറയത്തക്ക അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. കൂടംകുളത്തുനിന്ന് ആകാശ വൈദ്യുതി ലൈൻ തടഞ്ഞതുപോലെ നാലുവരി പാത എതിർത്തതുപോലെ ഭൂമിക്കടിയിൽ കൂടി ഗ്യാസ് പൈപ്പ്ലൈനും പറ്റില്ല എന്ന് പറയുന്നത് കേരളത്തിന്റെ ഭാവിയോട് ചെയ്യുന്ന രാഷ്ട്രീയ വികസന ക്രൂരതയാണ്. എൽ.എൻ.ജി.യുടെ വില കൂടിയത് താത്കാലിക പ്രതിസന്ധിയ ണെന്നാണ് വിദഗ്ദ്ധർ പറയുന്നത്. ഇന്നത്തെ സ്പോർട്ട് കാർഗോ കരാറിന് പകരം ദീർഘകാലാടിസ്ഥാനത്തിലുള്ള കരാർ നടപ്പാക്കിയാൽ ഗുജറാത്തിൽ ദെഹേജ് പെട്രോനെറ്റിൽ കിട്ടുന്ന അതോ വിലയ്ക്ക് കൊച്ചിയിലും എൽ. എൻ.ജി കിട്ടുമത്രേ. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ദീർഘ കാല കരാറിനുവേണ്ടി ഇടപെടണം. മാത്രമല്ല ഗെയിൽ ഗ്യാസ് കുറഞ്ഞ ചെല വിൽ 2017 ഓടുകൂടി മാർക്കറ്റിൽ എത്തുമത്രേ. ഇന്ത്യയിൽ തന്നെ കൃഷ്ണ, ഗോദാവരി, മുംബൈ ഹൈ, കൊങ്കൺ ഭാഗങ്ങളിൽ ഗ്യാസ് പാടങ്ങൾ ഉണ്ട്.

അതുകൊണ്ട് ഗ്യാസ് പൈപ്പ്ലൈൻ വരേണ്ടത് ഭാവിയുടെ ആവശ്യമാണ്. കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്ക് ഗ്യാസ് പൈപ്പ് ലൈൻ ഭൂമിക്കടിയിൽ കൂടി കടന്നു പോയാൽ മാത്രം കേരളത്തിന് ഒരു വർഷം ആയിരം കോടി രൂപ വാറ്റ് ഇനത്തിൽ കിട്ടുമത്രേ. ഭൂമിയെടുക്കുമ്പോൾ ന്യായമായ വില കൊടുക്കും. 20 മീറ്റർ വീതിയിലാണ് ഭൂമി എടുക്കുന്നത്. 2 മീറ്റർ ആഴത്തിൽ കുഴിച്ച് പൈപ്പിട്ടാൽ അവിടെ കൃഷിക്കാരന് നെല്ല്, കപ്പ ഉൾപ്പെടെയുള്ള ചെറിയ കൃഷികൾ ചെയ്യാം. ഭരണപക്ഷവും പ്രതിപക്ഷവുമിരുന്ന് അതാത് ജില്ലയിലെ എം.എൽ.എ മാരുടെ യോഗം വിളിച്ച് അടിയന്തരമായി ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഇടപെട്ട്, കേരളത്തിന്റെ ഭാവി വികസനം കണക്കിലെടുത്തു കൊണ്ട് രാഷ്ട്രീയമായി, ശക്തമായി ഇടപെടേണ്ട ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഇവിടെ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിന്റെ വികസനത്തിന് ഏറ്റവും ആവശ്യമായ ഒന്നാണ് കേരളത്തിലെ 7 ജില്ലകളിൽ കൂടി കടന്നു പോകുന്ന ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ രണ്ടാം ഘട്ട പൈപ്പ് ലൈൻ പൂർത്തീകരിക്കേണ്ട കാര്യം. ഈ കാര്യത്തിൽ ചില എതിർപ്പുകൾ വന്നിട്ടുണ്ട്. ആ എതിർപ്പുകൾ തികച്ചും തെറ്റായ പ്രചരണങ്ങ ളുടെ അടിസ്ഥനത്തിലാണ്. ഒരു കാര്യത്തിൽ നമുക്കാശ്വാസമുള്ളത് മെയിൻ സ്ട്രീമിലുള്ള രാഷ്ട്രീയ പാർട്ടികൾ ഒന്നുംതന്നെ ഇതിനോട് യോജിക്കുന്നില്ല. അവർ ചില പ്രായോഗിക പ്രശ്നങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിന് ഗവൺമെന്റിന് യാതൊരു എതിർപ്പുമില്ല. കാരണം പൈപ്പ്ലൈൻ ഇടുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അവർക്ക് ന്യായമായ വിലകിട്ടുക,

ന്യായമായ പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടുക ഇവ ഏറ്റവും ആവശ്യമാണ്. അതിന് ഗവൺമെന്റ് തയ്യാറുമാണ്. ഭൂമിക്കടിയിൽ കുഴിച്ചിട്ടിരിക്കുന്ന ബോംബാണ് ഇത്, വലിയ അപകടം ഉണ്ടാകും, വിനാശകരമായ സഹാചര്യ മാണ് ഉണ്ടുകുന്നത് എന്ന തരത്തിൽ വേറെ ചില ആൾക്കാർ തെറ്റായ പ്രചരണം നടത്തുന്നതിനോട് യോജിക്കാൻ നിവൃത്തിയില്ല. 8.7.2013–ൽ ഞാൻ ബന്ധപ്പെട്ട മന്ത്രിമാരും എല്ലാവരുമായി യോഗം ചേർന്ന് ചില തീരുമാ നങ്ങൾ എടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ചില മീറ്റിംഗുകൾ നടത്തി സ്ഥലമെടുക്കുന്നതിന്റെ നടപടികളുമായി മുന്നോട്ട് പോയെങ്കിലും പൂർണ്ണമായിട്ടില്ല. കൊച്ചി നഗരത്തിൽ 42 കിലോമീറ്റർ പൈപ്പ് ലൈൻ ഇട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ആ പൈപ്പ് ലൈനിൽ നിന്ന് വ്യവസായ സ്ഥാപന ങ്ങൾക്ക് വാതകം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടുണ്ട്. കൊച്ചി നഗരത്തിലെ വീടുകളിൽ പൈപ്പ് ലൈനിൽക്കൂടി വാതകം കൊടുക്കുന്നതി നുള്ള നടപടികൾ കേന്ദ്ര പെട്രോളിയം വകുപ്പ് ഏറ്റവും വേഗത്തിൽ സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതോടൊപ്പം ബാംഗ്ലൂരിലേക്കും മാംഗ്ലൂരി ലേക്കും പോകുന്ന ലൈനുകൂടി ചെയ്യുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. 2014 ജൂൺ മാസത്തിനുള്ളിൽ സ്ഥലമെടുക്കണമെന്നതാണ് ഇപ്പോഴത്തെ ടാർജറ്റ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ പ്രദേശത്തെ എം.എൽ.എമാരെയും എം.പി.മാരെയും വിളിച്ചുകൂട്ടി അവരുടെ സഹകരണ ത്തോടെ എത്രയും വേഗം ഇതിനൊരു തീരുമാനം ഉണ്ടാക്കാൻ ശ്രമിക്കും. അതിനോടൊപ്പം തന്നെ ഞങ്ങൾ കാണുന്ന ഒരു കാര്യം എറണാകുളത്ത് ഹൗസ് കണക്ഷൻ കൊടുത്താൽ അതായത് വാതകം പൈപ്പിൽ കൂടി വീടുക ളിൽ എത്തുന്ന ഒരു സാഹചര്യമുണ്ടായാൽ ഇപ്പോൾ പറയുന്ന പ്രചരണം

അധികനാൾ നിലനിൽക്കില്ല. ഇത് അപകടമാണ്, ദോഷമാണ് എന്നതിന് പകരം ഇത് എത്രമാത്രം പ്രയോജനം ചെയ്യുമെന്ന് ബോദ്ധ്യപ്പെടുത്താൻ സാധിക്കും. അതിനുവേണ്ടി എത്രയുംവേഗം പരീക്ഷണാർത്ഥം ഹൗസ് കണക്ഷൻ കൊടുക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കോമ്പൻസേഷന്റെ കാര്യത്തിൽ, മറ്റ് സ്റ്റേറ്റുകളിൽ നിന്ന് വ്യത്യസ്തമാണ് കേരളം. പരമാവധി സ്ഥലം കൊടുക്കുന്ന സ്ഥലം ഉടമകളുടെ താത്പര്യം സംരക്ഷിക്കത്തക്ക വിധത്തിൽ ന്യായമായ വില ലഭ്യമാക്കുന്ന വിധത്തിലുള്ള നടപടികളും സ്വീക രിക്കുമെന്ന് വ്യ.ക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 2016-ഓടു കൂടി ഈ പൈപ്പ് ലൈനിന്റെ പണി പൂർത്തിയാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, മലബാറിലെ ഒരു സ്വപ്ന പദ്ധതിയാണ് ചീമേനി പ്രകൃതി വാതകാധിഷ്ഠിത വൈദ്യുതപദ്ധതി. ഈ പൈപ്പ് ലൈൻ വരുമെന്ന് കണ്ടുകൊണ്ട് ആ പദ്ധതി ഇപ്പോൾ തന്നെ ആലോചിക്കണം. ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും ധാരണയോ പരിപാടിയോ നിലവിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 08.07.2013-ൽ ഇതിനായി ഒരു യോഗം വിളിച്ചു കൂട്ടി അതിൽ ഏഴ് തീരുമാനങ്ങളെടുത്തിരുന്നു. അതിന്റെ യടിസ്ഥാനത്തിൽ കുറേ നടപടികളുമായി മുന്നോട്ടുനീങ്ങിയിട്ടുണ്ട്. ഇവിടെ പ്പറഞ്ഞതുപോലെ കേരളത്തെ സംബന്ധിച്ചിടത്തോളം ചീമേനി പ്രോജക്ട് ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ്. അതിനായി ഈ പൈപ്പ്ലൈൻ ഏറ്റവും ആവശ്യമാണ്. അതുകൂടി മുന്നിൽകണ്ടുകൊണ്ടുള്ള നടപടികളുണ്ടാകും.

(സബ്മിഷൻസ്)